പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1067

29.09.2011 - ൽ മറുപടിക്ക്

## ദേശീയപാത വികസനം സംബന്ധിച്ച നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാത വികസനം സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വിശദീകരിക്കുമോ; | (എ) ദേശീയപാതാവികസന പദ്ധതിയിൽപ്പെടുത്തി എൻ.എച്ച്.47 ഉം, എൻ.എച്ച്.17 ഉം മുഴുവൻ നീളത്തിൽ ബി.ഒ.റ്റി.വ്യവസ്ഥയിൽ 4 വരി/6 വരി പാതയാക്കി മാറ്റുവാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായുള്ള പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. എൻ.എച്ച്.49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നിവ ദേശീയപാതാ നിലവാരത്തിൽ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരി പാതയാക്കുന്നതിന് ഡി.ബി.എഫ്.ഒ.റ്റി. വ്യവസ്ഥയിൽ ഭരണാനുമതി ലഭിച്ചു. ഈ പദ്ധതിക്ക് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൽ പി.പി.പി. സെൽ (പബ്ളിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) രൂപീകരിച്ച് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ദേശീയപാത വികസനം എത്രയും വേഗം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) | എൻ.എച്ച്.17 ന്റെയും എൻ.എച്ച്.47 ന്റെയും പുനരധിവാസ പാക്കേജ് തയ്യാറാകുന്ന മുറയ്ക്ക് പണികൾ പുനരാരംഭിക്കുന്നതാണ്. |
| (സി) | കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന ബി.ഒ.റ്റി, പി.പി.പി പദ്ധതികളെ സംബന്ധിച്ചുള്ള കേരളത്തിന്റെ സമീപനമെന്താണ്; | (സി) & (ഡി) | NHDP Phase II & III പ്രകാരം എൻ.എച്ച്.17, എൻ.എച്ച്.47 എന്നിവ ബി.ഒ.റ്റി വ്യവസ്ഥയിലും NHDP Phase IV പ്രകാരം എൻ.എച്ച്.49, എൻ.എച്ച്.208. എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220 എന്നിവ ഡി.ബി. എഫ്.ഒ.റ്റി. വ്യവസ്ഥയിൽ പി.പി.പി. പദ്ധതി വഴിയും നടപ്പിലാക്കുവാനാണ് തീരുമാനം. ഇവയുടെ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ഒപ്പുവച്ചിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ചുള്ള ഇപ്പോഴത്തെ കേന്ദ്ര നിലപാട് എന്താണ് | | |
| (ഇ) | ദേശീയപാത വികസനം സംബന്ധിച്ച് എത്രയും പെട്ടെന്ന് തീരുമാനം എടുക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ